# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**സാമൂഹ്യവനവല്‍ക്കരണ പദ്ധതി**

**2056**

**ശ്രീ. പി. തിലോത്തമന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം സാമൂഹ്യ വന വല്‍ക്കരണ പദ്ധതിയുടെ ഭാഗമായി എത്ര മരങ്ങള്‍ നട്ടു പിടിപ്പിച്ചു എന്ന് ജില്ല തിരിച്ചുള്ള കണക്ക് നല്‍കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുട നീളം നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണെടുത്തത് എന്ന് വ്യക്തമാക്കാമോ;

(സി) നട്ടുപിടിപ്പിച്ച മരങ്ങളില്‍ എത്രയെണ്ണം നിലനില്‍ക്കുന്നു എന്നു പരിശോധിക്കുവാന്‍ വര്‍ഷാവര്‍ഷം കണക്കെടുപ്പ് നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വൃക്ഷവത്ക്കരണവും വഴിയോര തണൽ പദ്ധതിയും**

**2057 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനഭാഗങ്ങളിലോ വനേതര ഭാഗങ്ങളിലോ വൃക്ഷവത്കരണം നടത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ഏതെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളാണെന്ന് വ്യക്തമാക്കാമോ;

(ബി) വനേതര ഭാഗങ്ങളിൽ നടത്തുന്ന വൃക്ഷവത്കരണ പരിപാടികളുടെ പുരോഗതി വിലയിരുത്തുന്നതിന് കാലാകാലങ്ങളിൽ അവലോകനം നടത്താറുണ്ടോ;

(സി) ഇത്തരം അവലോകനങ്ങളിൽ സംസ്ഥാനത്ത് നടപ്പാക്കിയ വൃക്ഷവത്കരണ പരിപാടികളിൽ ഏതെല്ലാം പദ്ധതികളാണ് വിജയമായത് എന്നും ഏതെല്ലാം പദ്ധതികളാണ് പരാജയമായിരുന്നതെന്നും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതേക്കുറിച്ച് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന വനം വകുപ്പ് നടപ്പാക്കുന്ന വഴിയോര തണൽപദ്ധതി ഇപ്പോഴും നിലവിലുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഈ വർഷം പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തൈകൾ വിതരണം ചെയ്തു;

(എഫ്) വഴിയോര തണൽ പദ്ധതി നിർത്തലാക്കിയെങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>വൃക്ഷവത്ക്കരണ പരിപാടിയുടെ</u>**
**<u>സംസ്ഥാനതല ഉദ്ഘാടനം</u>**

2058 **ശ്രീ. രാജു എബ്രഹാം**
**,, എ. എം. ആരിഫ്**
**,, പുരുഷന്‍ കടലുണ്ടി**
**,, റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **കഴിഞ്ഞ ലോക പരിസ്ഥിതി ദിനത്തില്‍ സംസ്ഥാനതല ഉദ്ഘാടനം നിര്‍വ്വഹിക്കപ്പെട്ട വൃക്ഷവത്ക്കരണ പരിപാടിയുടെ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ;**

(ബി) **സംസ്ഥാനതല ഉദ്ഘാടന വേദിയില്‍ നിന്ന് കവയിത്രി സുഗതകുമാരി ഇറങ്ങിപ്പോകാനിടയായ സാഹചര്യം എന്തായിരുന്നു;**

(സി) **ഉദ്ഘാടന പ്രസംഗത്തില്‍ കവയിത്രി സുഗതകുമാരിക്ക് പിന്നിലുള്ളത് കപട പരിസ്ഥിതി വാദികളാണെന്ന് മന്ത്രി പരാമര്‍ശിക്കുകയുണ്ടായോ;**

(ഡി) **വൃക്ഷവല്‍ക്കരണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്താകെ എത്ര വൃക്ഷത്തൈകള്‍ വച്ചുപിടിപ്പിക്കാനാണുദ്ദേശിച്ചിരുന്നത്; ഇതിനകം വച്ചുപിടിപ്പിച്ചവ എത്ര?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വനവല്‍ക്കരണത്തിന് പ്രോത്സാഹനം**

2059 **ശ്രീ. എം. ഉമ്മര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വനവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കുന്ന പരിപാടികള്‍ വിശദമാക്കുമോ;

(ബി) സ്ക്കൂളുകള്‍ വഴി ഈ വര്‍ഷം വൃക്ഷത്തൈകള്‍ വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) വനനശീകരണം തടയുന്നതിനായി നിലവിലുള്ള പരിപാടികള്‍ ലക്ഷ്യത്തിലെത്തിക്കുന്നതിനായി പുതിയ പദ്ധതികള്‍ ആവിഷ്ക്കരിക്കുന്നത് പരിഗണനയിലുണ്ടോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വനവല്‍ക്കരണ പദ്ധതികളില്‍ സന്നദ്ധ സംഘടനകള്‍ക്ക് ലഭിക്കുന്ന സഹായങ്ങള്‍**

**2060 ശ്രീ. കെ. ദാസന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാരിന്റെ വിവിധ വനവല്‍ക്കരണ പദ്ധതികളില്‍ സന്നദ്ധ സംഘടനകള്‍ക്കും കലാസാംസ്കാരിക സ്ഥാപനങ്ങള്‍ക്കും ലഭിക്കുന്ന സഹായങ്ങളും സംവിധാനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ജില്ലാതലത്തില്‍ ഇതിന്റെ പ്രവര്‍ത്തനങ്ങള്‍ക്കായി എന്തെല്ലാം സംവിധാനങ്ങള്‍ ആണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ആഗോള താപനം - കൂടത്തൈകൾ വിതരണം**

**2061** **ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആഗോള താപനത്തിന്റെ ദൂഷ്യഫലങ്ങളെ ലഘൂകരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം ആചരിച്ച 'അന്താരഷ്ട്ര വനദിനത്തിൽ' 60 ലക്ഷം 'കൂടത്തൈകൾ' വിതരണം ചെയ്യാൻ തീരുമാനിച്ച പദ്ധതി പ്രകാരം ഇതിനകം സംസ്ഥാനത്ത് എത്ര തൈകൾ വിതരണം ചെയ്തിട്ടുണ്ട്;

(ബി) പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) ഇങ്ങനെ വിതരണം ചെയ്യപ്പെട്ട തൈകൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വനസംരക്ഷണത്തിനായി ആധുനിക ഉപകരണങ്ങൾ</u>

2062 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വനസംരക്ഷണവുമായി ബന്ധപ്പെട്ട് വനം വകുപ്പ് ജീവനക്കാർക്ക് ഏതെല്ലാം ആധുനിക സാങ്കേതിക ഉപകരണങ്ങളാണ് നൽകിയിട്ടുള്ളത്;

(ബി) അവ ഉപയോഗിക്കുന്നതിന് എത്ര ജീവനക്കാർക്ക് ഇതുവരെ പരിശീലനം നൽകിയിട്ടുണ്ട്;

(സി) സംസ്ഥാനത്ത് എത്ര വനസംരക്ഷണ ജീവനക്കാരുടെ ഒഴിവുകളാണ് നിലവിലുള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വനംവകുപ്പിന്റെ ആധുനികവൽക്കരണം</u>

2063 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ ആധുനികവത്ക്കരണത്തിന്റെ സാധ്യതകൾ പഠിക്കാൻ മുൻ സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ;

(ബി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ സർക്കാർ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**പൊന്നാനിയിൽ തീരവനം പദ്ധതി**

**2064** **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തീരദേശ മണ്ഡലമായ പൊന്നാനിയിൽ തീരവനം പദ്ധതി തുടങ്ങിവെയ്ക്കുകയും അത് ഒരു ചെറിയ പ്രദേശത്ത് മാത്രം ചുരുങ്ങി പോകുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തീരദേശത്ത് പദ്ധതി വ്യാപിപ്പിക്കാനും മുഴുവൻ തീരദേശത്ത് പദ്ധതി നടപ്പാക്കാനും നടപടി സ്വീകരിക്കുമോ;

(സി) കണ്ടൽ അടക്കമുള്ള ചെടികൾ ഉപയോഗിച്ച് തീരവന പദ്ധതി വിപുലീകരിച്ച് കടൽക്ഷോഭത്തെ ചെറുക്കാൻ നടപടിയെടുക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വനവിസ്തൃതി</u>

2065 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തിന്റെ വനവിസ്തൃതി എത്രയാണെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ കേരളത്തിന്റെ വന വിസ്തൃതിയിൽ വലിയ തോതിൽ കുറവു വന്നിട്ടുണ്ടെന്ന ഏതെങ്കിലും കേന്ദ്ര ഏജൻസിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലാണ് വനവിസ്തൃതി കുറഞ്ഞതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വനവിസ്തൃതി കുറയാൻ കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

<u>വികസന പ്രവർത്തനങ്ങളുടെ പേരിലുള്ള മരംമുറി</u>

**2066** **ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങളുടെ പേരിൽ വ്യാപകമായി മരം മുറിച്ചുമാറ്റുന്നത് തടയുന്നതിന് എന്തൊക്കെ നിയമങ്ങളാണ് നിലവിലുള്ളത്;

(ബി) ഇതിനായി സർക്കാർ ഏതെങ്കിലും സമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ ഘടനയും പ്രവർത്തനാധികാരങ്ങളും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സമിതി രൂപീകൃതമായ ശേഷം ഇത്തരം എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അവയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>മര അധിഷ്ഠിത ചെറുകിട വ്യവസായ സംരംഭങ്ങൾ</u>**

**2067 ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മര അധിഷ്ഠിത ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് എൻ.ഒ.സി ലഭിക്കുന്നതിന് വർഷങ്ങളുടെ കാല താമസമെടുക്കുന്നത് മൂലം ചെറുകിട സംരംഭകർ വളരെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആവശ്യമായ പരിശോധന നടത്തി എത്രയും വേഗം എൻ.ഒ.സി നൽകുന്നതിന് നടപടി സ്വീകരി ക്കുമോ ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>വനത്തിൽ കൂടിയുള്ള റോഡുകൾ</u>**

2068 **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെയും പൊതുജനങ്ങളുടെയും ആവശ്യങ്ങൾക്കായി വനത്തിൽ കൂടിയുള്ള റോഡുകൾ ടാർ ചെയ്യാൻ പാടില്ല എന്ന ഉത്തരവ് നിലവിലുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങളും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കാടപ്പാറ - മുളംകുഴിറോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് നടപടി**

**2069 ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **അങ്കമാലി നിയോജക മണ്ഡലത്തിലെ മലയാറ്റൂർ-നീലേശ്വരം പഞ്ചായത്തിൽ വനം വകുപ്പിന്റെ കൈവശമുള്ളതും ഇടമലയാർ ഇറിഗേഷൻ പ്രോജക്റ്റിനുവേണ്ടി ഇറിഗേഷൻ വകുപ്പിന് കൈമാറിയിട്ടുള്ളതുമായ കാടപ്പാറ- മുളംകുഴി റോഡിൽ പൊതുജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം കണക്കിലെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ നടപടി സ്വീകരിക്കുമോ;**

(ബി) **എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെന്നും ഇത് എന്ന് കൈമാറാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>ഉദുമ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾക്ക് അനുമതി</u>**

**2070**

### ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതു മൂലം തടസ്സപ്പെട്ടിരിക്കുന്ന ഉദുമ നിയോജക മണ്ഡലത്തിലെ പ്രവൃത്തികളെ സംബന്ധിച്ച് നൽകിയ ഹർജിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>പുലിക്കണ്ണിയിലെ മുള സംരക്ഷണ കേന്ദ്രം</u>**

**2071** **പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ പുലിക്കണ്ണിയിൽ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (എഫ്. ആർ.ഐ) 64 വ്യത്യസ്ത തരത്തിലുള്ള മുളകൾ സംരക്ഷിക്കുന്ന ഒരു കേന്ദ്രം ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കേന്ദ്രത്തെ ഒരു പ്രത്യേക പഠന കേന്ദ്രമായി പ്രഖ്യാപിക്കുവാനും ഇവിടേയ്ക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>ആദിവാസികൾക്ക് ജൈവകൃഷിയിൽ പരിശീലനം</u>**

**2072** **ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിൽ ആദിവാസികൾക്ക് ജൈവകൃഷിയിൽ പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) ഇത്തരം കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്:

(സി) ഇതിനായി വനംവകുപ്പ് ഏതെങ്കിലും ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വനശ്രീ ഉൽപന്നങ്ങളുടെ വിപണനം</u>

2073 ശ്രീ. ബെന്നി ബെഹനാൻ
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനശ്രീ ഉൽപന്നങ്ങളുടെ വിപണനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) വനശ്രീ ഉൽപന്നങ്ങളുടെ വിപണനത്തിന് സൈബർ സ്റ്റാളുകൾ രുടങ്ങുന്ന കാര്യം പരിഗണിക്കുമോ ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വനശ്രീയുടെ സ്റ്റാളുകൾ തുടങ്ങുന്ന കാര്യം ആലോചിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ട വനം വകുപ്പ് ജീവനക്കാർ

2074 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനം വകുപ്പിലെ നിലവിലുള്ള ഏതെങ്കിലും ജീവനക്കാർ ക്രിമിനൽ കേസിൽ ഉൾപ്പെട്ടതായി കണ്ടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിൽ ഒന്നിൽ കൂടുതൽ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട ആരെങ്കിലും ഉണ്ടോ;

(സി) അന്വേഷണത്തിൽ കുറ്റക്കാരനെന്ന് ബോദ്ധ്യപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥനെതിരെ പ്രോസിക്യൂഷൻ നടപടിയ്ക്ക് അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോ; ഏതെങ്കിലും കേസിൽ പ്രോസിക്യൂഷൻ നടപടിയ്ക്ക് അനുമതി നൽകാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ**

2075 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ പുതിയതായി അനുവദിച്ചു എന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഷനുകളിൽ പുതിയതായി ഏതൊക്കെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്;

(സി) അനുവദിച്ച തസ്തികകളിലെ ഉദ്യോഗസ്ഥരുടെ സേവനം അതാത് സ്റ്റേഷനുകളിൽത്തന്നെ ഉപയോഗപ്പെടുത്തുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) പുതുതായി അനുവദിച്ച സ്റ്റേഷനുകളിൽ ജീവനക്കാർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ഇ) കേരളത്തിൽ എത്ര വനം ഡിവിഷനുകളിൽ ഇനിയും ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കേണ്ട ആവശ്യം ഉണ്ട് എന്ന് അറിയിക്കുമോ;

(എഫ്) പ്രസ്തുത സ്ഥലങ്ങളിൽ അടിയന്തിരമായി ഫോറസ്റ്റ് സ്റ്റേഷനു ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

<u>വനം വകുപ്പിൽ ഫോറസ്റ്റ് റെയ്ഞ്ചറുടെ ഒഴിവുകൾ</u>

2076 **ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനം വകുപ്പിൽ ഫോറസ്റ്റ് റെയ്ഞ്ചറുടെ എത്ര ഒഴിവുകൾ ഉണ്ടെന്നും പ്രസ്തുത ഒഴിവുകൾ എന്നു മുതൽക്കുള്ളതാണെന്നും വ്യക്തമാക്കുമോ;

(ബി) അവ നികത്താതിരിക്കുന്നതുമൂലം വകുപ്പ് നേരിടേണ്ടിവരുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദീർഘകാലം ഇത്ര ഒഴിവുകൾ നികത്തപ്പെടാതിരുന്ന അവസ്ഥ മുൻപ് ഉണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത ഒഴിവുകൾ എന്ന് നികത്താനാകുമെന്ന് വ്യക്തമാക്കാമോ;

(ഇ) ഫോറസ്റ്റ് റെയ്ഞ്ചർമാരുടെ ഒഴിവുകൾ നികത്തപ്പെടാത്തതു മൂലം തൊട്ടുതാഴെയുള്ള തസ്തികകളിലെ ജീവനക്കാർക്ക് പ്രമോഷൻ ലഭിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) റെയ്ഞ്ച് ഓഫീസർ മുതൽ മുകളിലേയ്ക്കുള്ള തസ്തികകളിൽ ഓരോന്നിലും എത്ര വീതം ഒഴിവുകൾ നിലവിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ;

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>പാട്ടക്കരാർ കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകൾ</u>**

**2077 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **പാട്ടക്കരാർ കാലാവധി കഴിഞ്ഞ എത്ര വനം വകുപ്പു വക എസ്റ്റേറ്റുകൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്നും അവ എന്നാണ് ഏറ്റെടുത്ത തെന്നും അറിയിക്കാമോ;**

(ബി) **അവയുടെമേൽ അവകാശത്തർക്കം മൂലം കോടതികളിൽ കേസുകൾ നിലനില്ക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതിന്റെ എല്ലാം പേരിലാണ് കേസുകൾ ഉള്ളതെന്നും അറിയിക്കാമോ;**

(സി) **അവയിൽ സർക്കാരിന് എതിരായി എത്രകേസുകളിൽ കോടതി വിധികൾ ഉണ്ടായിട്ടുണ്ടെന്നും പ്രസ്തുത കേസുകളുടെ ഇപ്പോഴത്തെ നില എന്താണെന്നും വ്യക്തമാക്കാമോ?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വന്യമൃഗങ്ങൾ മൂലമുള്ള വിളനാശത്തിന് നഷ്ടപരിഹാരം</u>

2078 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനമേഖലയോട് ചേർന്നുള്ള കൃഷിമേഖലയിൽ വന്യജീവികൾ വ്യാപകമായി വിളകൾ നശിപ്പിക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വന്യജീവികളുടെ ഇത്തരത്തിലുള്ള വിളനശീകരണം തടയുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ;

(സി) വന്യജീവികൾ കാരണമുള്ള വിളനാശത്തിന് ആശ്വാസമായി കർഷകന് നഷ്ടപരിഹാരം നൽകുവാൻ വനം വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) വന്യജീവികൾ കാരണം വിളനാശം സംഭവിക്കുന്ന കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വനംവകുപ്പ് നേരിട്ട് നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**

**19.06.2012 -ലെ മറുപടിക്ക്**

**<u>ആനയിടഞ്ഞുള്ള മരണവും ധനസഹായവും</u>**

**2079 ശ്രീമതി കെ.എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആനകൾക്കെതിരെ വർദ്ധിച്ചു വരുന്ന പീഡനം തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ആനയിടഞ്ഞ് എത്ര പേർ മരിക്കുകയുണ്ടായി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം മരിച്ചവരിൽ പാപ്പാൻമാർ എത്രയാണ് ; ഇത്തരത്തിൽ മരിക്കാൻ ഇടയായവരുടെ കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചുവോ; എത്ര തുകയാണ് ധനസഹായമായി അനുവദിച്ചത്; വ്യക്തമാക്കാമോ;

(സി) നിലവിൽ എത്ര നാട്ടാനയും എത്ര കാട്ടാനയും ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പാമ്പ് കടിയേറ്റ് മരണമടയുന്നവരുടെ കുടുംബത്തിനുള്ള ധനസഹായം**

**2080 ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാമ്പ് കടിയേറ്റ് മരണമടയുന്നവരുടെ കുടുംബത്തിന് പ്രത്യേക ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ അപേക്ഷ ആർക്കാണ് നൽകേണ്ടതെന്നും, അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ധനസഹായം നൽകുന്നത് ഒരു നിശ്ചിത തുകയായി നിജപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അപേക്ഷകരുടെ കുടുംബ പശ്ചാത്തലവും, ചികിത്സാക്രമങ്ങളുമനുസരിച്ചാണോ തുക നിശ്ചയിക്കുന്നത് ; വിശദാംശം വെളിവാക്കുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കി തുടങ്ങിയത് എന്ന് മുതലാണ്; നാളിതുവരെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; അപേക്ഷയോടൊപ്പം രേഖകൾ ഹാജരാക്കുവാൻ കഴിയാത്തവരായി എത്ര കുടുംബങ്ങൾ ഉണ്ട്; എത്ര കുടുംബങ്ങൾക്ക് ആനുകൂല്യം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) പാമ്പ് കടിയേറ്റ് ദിവസങ്ങളോളം ചികിത്സ നേരിട്ട ആൾ ആശുപത്രിയിൽ വച്ച് മരണപ്പെട്ടാൽ അസ്വാഭാവിക മരണമല്ലാത്തതിനാൽ പോസ്റ്റ്മോർട്ടം കൂടാതെ ശവശരീരം മറവ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേസുകളിൽ ധനസഹായം ലഭിക്കുന്നതിനായി പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ പകർപ്പ് ഹാജരാക്കുവാൻ കഴിയാത്ത സാഹചര്യം സംജാതമാകുന്നത് ശ്രദ്ധ്യിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് പരിഹാരം നിർദ്ദേശിക്കുമോ ;

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

(ഇ) അപേക്ഷയോടൊപ്പം നൽകേണ്ട അവകാശ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ സാധാരണ ഗതിയിൽ ആറു് മാസം വരെ സമയമെടുക്കുമെന്നതിനാൽ പ്രസ്തുത രേഖ ഹാജരാക്കുവാൻ കഴിയാത്ത അവസ്ഥയും ഈ പദ്ധതിയിൽ നിലനിൽക്കുന്നുണ്ടോ;

(എഫ്) അപകട/അത്യാഹിത മരണങ്ങൾ നടക്കുമ്പോൾ മുഖ്യമന്ത്രി ധനസഹായം നൽകുന്നതിന് അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെടാറില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) പാമ്പ് കടിയേറ്റ് മരണപ്പെടുന്ന കുടുംബത്തിന് നിലവിലുള്ള നിബന്ധനകൾ പ്രകാരം ആനുകൂല്യം വാങ്ങിയെടുക്കുവാൻ ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സാഹചര്യത്തിൽ ആനുകൂല്യം നൽകുവാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>പാമ്പു കടിയേറ്റ് മരണമടയുന്നവരുടെ ആശ്രിതർക്ക് ധനസഹായം</u>**

**2081 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാമ്പു കടിയേറ്റ് മരണമടയുന്നവരുടെ ആശ്രിതർക്ക് വന്യജീവി വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുഖാന്തിരം അനുവദിക്കുന്ന പതിനായിരം രൂപയുടെ ധനസഹായം ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) 2011-'12, 2012-'13 കാലയളവിൽ കുട്ടനാട് താലൂക്കിൽ നിന്നും സമർപ്പിച്ചിട്ടുള്ള എത്ര അപേക്ഷകളിൻമേൽ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സഹായം ഒരു ലക്ഷം രൂപ ആക്കി ഉയർത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണത്തിന് നഷ്ടപരിഹാരം**

**2082 ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണത്താൽ വിളകളും സ്വത്തും നഷ്ടപ്പെടുന്നവർക്ക് ധനസഹായമായി എത്ര തുക അനുവദിച്ചു; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിലുള്ള ആക്രമണത്തെത്തുടർന്ന് നഷ്ടം സംഭവിച്ചവർക്കുള്ള ധനസഹായം ഒരു പ്രാവശ്യമായി പരിമിതപ്പെടുത്തുന്നത് ഒഴിവാക്കുന്നതിനും ഉടനടി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണം തടഞ്ഞ് കൃഷിയിടങ്ങളിലെ വിളകളും സ്വത്തും സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 19.06.2012 -ലെ മറുപടിക്ക്

വന്യമൃഗങ്ങളുടെ ആക്രമണം നേരിടുവാൻ ദ്രുതകർമ്മസേന

2083 ശ്രീ. പാലോട് രവി
'' റ്റി.എൻ. പ്രതാപൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനപ്രദേശങ്ങൾക്ക് സമീപമുള്ള ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണം നേരിടുവാൻ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് എന്നറിയാമോ;

(ബി) ഇതിനായി ദ്രുതകർമ്മസേനയെ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത സേനയുടെ യൂണിറ്റുകളെ എവിടെയൊക്കെ വിന്യസിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ഡി) യൂണിറ്റുകളുടെ പ്രവർത്തനം ആരുടെ നിയന്ത്രണത്തിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കാട്ടാനകളുടെ കണക്കെടുപ്പ്**

2084

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, ഹൈബി ഈഡൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാട്ടാനകളുടെ കണക്കെടുപ്പ് നടത്താൻ തുടങ്ങിയിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഏത് പദ്ധതി അനുസരിച്ചാണ് പ്രസ്തുത കണക്കെടുപ്പ് നടത്തുന്നത്;

(ഡി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>നാട്ടാനകളുടെ കണക്കെടുപ്പ്</u>**

2085 **ശ്രീ. കെ. ശിവദാസൻ നായർ**
**,, പാലോട് രവി**
**,, പി. സി. വിഷ്ണുനാഥ്**
**,, കെ. അച്ചുതൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ നാട്ടാനകളുടെ കണക്കുകൾ ലഭ്യമാണോ; വിശദമാക്കുമോ;**

(ബി) **ഇവയുടെ വിശദ വിവരങ്ങൾ ശേഖരിക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ;**

(സി) **എങ്കിൽ പ്രസ്തുത വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ;**

(ഡി) **ഇത് സംബന്ധിച്ച് എന്തെല്ലാം വിവരങ്ങളാണ് വെബ്സൈറ്റിലൂടെ ലഭ്യമാക്കാനുദ്ദേശിക്കുന്നത്?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**മൃഗത്തോല്‍ വീട്ടില്‍ സൂക്ഷിക്കുന്ന പരിസ്ഥിതി പ്രവര്‍ത്തകര്‍**

2086 ശ്രീ. എ. കെ. ബാലന്‍
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ജി. സുധാകരന്‍
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വന്യമൃഗങ്ങളെ വേട്ടയാടി തോല്‍ വീട്ടില്‍ സൂക്ഷിക്കുന്നവരെക്കുറിച്ചുള്ള എന്തെങ്കിലും വിവരം വനം വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കില്‍ ഇത് പിടിച്ചെടുത്ത് കേസ് രജിസ്റ്റര്‍ ചെയ്തിട്ടുണ്ടോ;

(ബി) വന്യമൃഗത്തോല്‍ വീട്ടില്‍ സൂക്ഷിക്കുന്നതും അത്തരക്കാരെക്കുറിച്ച് അറിവുള്ളവര്‍ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്‍മാര്‍ക്ക് വിവരം നല്‍കാതിരിക്കുന്നതും വന്യജീവി നിയമമനുസരിച്ച് കുറ്റമാണോ;

(സി) വന്യജീവികളുടെ തോല്‍ വീട്ടില്‍ സൂക്ഷിക്കുന്ന പരിസ്ഥിതി പ്രവര്‍ത്തകരെക്കുറിച്ച് അറിയാമെന്ന വനം വകുപ്പ് മന്ത്രിയുടെ വെളിപ്പെടുത്തല്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യം അറിയാമായിരുന്ന മന്ത്രി വനം വകുപ്പ അധികൃതരെ നേരത്തെ അറിയിച്ചിട്ടുണ്ടായിരുന്നുവോ; ഇല്ലെങ്കില്‍ വിവരം രഹസ്യമാക്കിവെച്ചത് കുറ്റമായി പരിഗണിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>കാട്ടുമൃഗങ്ങളുടെ തോൽ വീടുകളിൽ സൂക്ഷിക്കുന്നവർ</u>

2087 **ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ തോലുകൾ അനധികൃതമായി വീടുകളിൽ സൂക്ഷിക്കുന്നതു തടയാനും ഇതിനെതിരെ നടപടി സ്വീകരിക്കാനും നിലവിൽ നിയമമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) നമ്മുടെ സംസ്ഥാനത്ത് അനധികൃതമായി വന്യമൃഗങ്ങളുടെ 'തോലുകൾ' സൂക്ഷിക്കുന്ന പരിസ്ഥിതി പ്രവർത്തകരുണ്ട് എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യം വിശദമായി പരിശോധിച്ച് ഇത്തരക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**

**19.06.2012 -ലെ മറുപടിക്ക്**

**<u>വന്യമൃഗങ്ങളുടെ തോൽ കൈവശമുള്ളവർ</u>**

**2088 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനം-വന്യജീവി സംരക്ഷണ നിയമപ്രകാരം വന്യമൃഗങ്ങളുടെ തോൽ കൈവശം വയ്ക്കാൻ പാടില്ല എന്ന നിയമം ലംഘിച്ചുകൊണ്ട് വന്യമൃഗത്തോൽ ഏതെങ്കിലും വ്യക്തികൾ കൈവശം വയ്ക്കുന്നത്, അല്ലെങ്കിൽ വീടുകളിൽ സൂക്ഷിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വ്യക്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; പ്രസ്തുത വിവരം ലഭ്യമല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കപട പരിസ്ഥിതി പ്രവര്‍ത്തകര്‍ക്കെതിരെ നടപടി**

**2089** **ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) **പരിസ്ഥിതി പ്രവര്‍ത്തകരുടെ വീടുകളില്‍ വന്യമൃഗങ്ങളുടെ തോല്‍ സൂക്ഷിച്ചതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;**

(ബി) **എങ്കില്‍ അവരുടെ പേര്‍ വെളിപ്പെടുത്തുമോ ;**

(സി) **നടന്‍ മോഹന്‍ലാലിന്റെ വീട്ടില്‍ ആനക്കൊമ്പുകള്‍ സൂക്ഷിച്ചിട്ടുണ്ടോ;**

(ഡി) **കപട പരിസ്ഥിതി പ്രവര്‍ത്തകര്‍ക്കെതിരെ എന്തു നടപടിയാണ് സര്‍ക്കാര്‍ സ്വീകരിക്കാനുദ്ദേശിക്കുന്നത് ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കാട്ടുതീ**

**2090** **ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കഴിഞ്ഞ ഫയർ സീസണിൽ സംസ്ഥാനത്തെ കാട്ടുതീ തടയുന്നതിന് ആകെ എത്ര രൂപ ചെലവായി;**

(ബി) **പ്രസ്തുത സീസണിൽ കാട്ടുതീ മൂലം കേരളത്തിലെ എത്ര ഹെക്ടർ വനഭൂമിയാണ് നശിച്ചതെന്ന് വ്യക്തമാക്കുമോ;**

(സി) **ഈ സർക്കാർ അധികാരമേറ്റതിനുശേഷം വനസംരക്ഷണവുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ദേശീയ ഗെയിംസ് - ചെലവഴിച്ച തുക**

**2091 ശ്രീമതി. ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുളള ദേശീയ ഗെയിംസിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നാളിതുവരെ എത്ര തുക ചെലവഴിച്ചു ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ചതും ഇനി പൂർത്തീകരിക്കാനുളളതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പുതിയ സ്പോർട്സ് നയം**

**2092** **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സർക്കാർ പുതിയ സ്പോർട്സ് നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് പ്രധാനമായി എന്തൊക്കെ നിർദ്ദേശങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**സ്പോർട്സിന്റെ സമഗ്ര പുരോഗതിക്ക് പദ്ധതികൾ**

**2093 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി പുതുതായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം;

(ബി) സ്കൂൾ ഗ്രൗണ്ടുകളുടെ നവീകരണത്തിന് നിലവിൽ എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഓരോ നിയോജക മണ്ഡലത്തിലും ഒരു സ്റ്റേഡിയം വീതം സജ്ജീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**സ്വിം ആന്റ് സർവൈവ് പദ്ധതി**

2094 **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സ്വിം ആന്റ് സർവൈവ് പദ്ധതി എന്താണ്; അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും അതിന്റെ മാർഗ്ഗരേഖകൾ എന്തെല്ലാം എന്നും വിശദമാക്കാമോ ;**

(ബി) **ഈ പദ്ധതിയുടെ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വിദ്യാലയങ്ങൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകുക എന്ന് വിശദമാക്കാമോ ;**

(സി) **എത്ര തുകയാണ് ഈ പദ്ധതിക്ക് വേണ്ടി വകയിരുത്തിയിട്ടുളളത് എന്ന് വ്യക്തമാക്കാമോ ?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ആലപ്പുഴയിൽ വച്ച് നടത്തുന്ന ദേശീയ ഗെയിംസ് ഇനങ്ങൾ**

**2095** **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ വച്ച് നാഷണൽ ഗെയിംസിന്റെ ഏതെല്ലാം ഇനങ്ങളാണ് നടത്താൻ ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) ഈ ഇനങ്ങൾ വിജയകരമായി നടത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സ്പോർട്സ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി ആലപ്പുഴയിലെ സ്റ്റേഡിയങ്ങളും സിമ്മിംഗ്പൂളുകളും പുനരുദ്ധരിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>സ്കൂൾ - കോളേജ് തലത്തിൽ കായിക വിദ്യാഭ്യാസം</u>**

**2096 ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യത്തിന്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് സ്കൂൾ, കോളേജ് തലത്തിൽ സ്പോർട്സ് വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>ഡ്രാഗൺ ബോട്ട് റേസ് മത്സരം</u>

2097 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള ഡ്രാഗൺ ബോട്ട് അസോസിയേഷന് സ്പോർട്സ് കൗൺസിലിന്റെ അഫിലിയേഷൻ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ടീം അംഗങ്ങൾക്ക് പ്രഖ്യാപിച്ചിരുന്ന ക്യാഷ് അവാർഡ് നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) നാഷണൽ ഗെയിംസിൽ ഡ്രാഗൺ ബോട്ട് റേയ്സ് മത്സരങ്ങൾ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>കായംകുളത്ത് ഇൻഡോർ സ്റ്റേഡിയം</u>

2098 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടെ ഷട്ടിൽ ബാഡ്മിന്റൻ, വോളിബോൾ, ബാസ്ക്കറ്റ്ബോൾ എന്നിവയ്ക്കായി ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം</u>

**2099** **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസിന്റെ ഭാഗമായി ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) എത്ര തുകയാണ് നവീകരണത്തിന് വേണ്ടി ചെലവാക്കുന്നത് എന്നും ഇത് വരെ എത്ര തുക ചെലവാക്കിയിട്ടുണ്ട് എന്നും അറിയിക്കുമോ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വിദ്യാലയങ്ങൾക്ക് കളിസ്ഥലങ്ങളും സ്പോർട്സ് ഉപകരണങ്ങളും**

2100 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**വിദ്യാലയങ്ങൾക്ക് കളിസ്ഥലം നിർമ്മിക്കുന്നതിനും സ്പോർട്സ് ഉപകരണങ്ങൾ നൽകുന്നതിനും സ്പോർട്സ് വകുപ്പ് എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് നൽകി വരുന്നത്; വിശദാംശം നൽകാമോ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വിദ്യാലയങ്ങളിൽ സ്പോർട്സ് ഗ്രൗണ്ടുകളുടെ നിർമ്മാണം**

**2101 ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ എസ്. എം. ജെ. എച്ച്. എസ് തൈക്കാട്ടുശ്ശേരി, ജി. യു. പി. എസ് അരൂക്കുറ്റി, സെന്റ് മേരീസ് എച്ച്. എസ് മണപ്പുറം എന്നീ സ്കൂളുകളിൽ സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കണം എന്ന സ്ഥലം എം. എൽ. എ യുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) വിദ്യാലയങ്ങളിൽ സ്പോർട്സ് അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് ഉള്ളത്; ആയത് നടപ്പിലാക്കുന്നത് എപ്രകാരമാണ്; അരൂർ മണ്ഡലത്തിലെ സർക്കാർ - എയിഡഡ് വിദ്യാലയങ്ങളിൽ സ്പോർട്സ് അടിസ്ഥാന സൗകര്യ വികസനത്തിന് ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാ സ്പോർട്സ് കൗൺസിലിന് നിർദ്ദേശം നൽകുമോ; ഇപ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ സംസ്ഥാന സ്പോർട്സ് കൗൺസിലിനും സ്പോർട്സ് വകുപ്പിനും നിർദ്ദേശം നൽകുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>സ്റ്റേഡിയങ്ങൾക്കുള്ള മാനേജ്മെന്റ് കോഡ്</u>**

2102 **ശ്രീ. ബെന്നി ബെഹനാൻ**
**,, ഡൊമിനിക് പ്രസന്റേഷൻ**
**,, എ. റ്റി. ജോർജ്**
**,, ഹൈബി ഈഡൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്റ്റേഡിയങ്ങൾക്ക് മാനേജ്മെന്റ് കോഡ് ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) കളിസ്ഥലങ്ങൾ, തുറസ്സായ സ്ഥലങ്ങൾ എന്നിവയ്ക്കും കോഡ് ബാധകമാക്കുന്നത് പരിഗണിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>ഗ്രാമീണ സ്റ്റേഡിയങ്ങളുടെ നവീകരണം</u>

2103 **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ സ്റ്റേഡിയങ്ങളുടെ നവീകരണത്തിന് ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ബാലുശ്ശേരിയിൽ ഗ്രാമീണ സ്റ്റേഡിയം നവീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>സ്പോര്‍ട്സ് ഹോസ്റ്റലുകളുടെ അപര്യാപ്തത</u>**

2104 **ശ്രീ. പി. ശ്രീരാമകൃഷ്ണന്‍**
**,, എ. പ്രദീപ്കുമാര്‍**
**,, വി. ശിവന്‍കുട്ടി**
**,, കെ. സുരേഷ് കുറുപ്പ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **സ്പോര്‍ട്സ് ഹോസ്റ്റലുകള്‍ വേണ്ടത്രയില്ലാത്തതും, ഉള്ളവയില്‍ അടിസ്ഥാന സൗകര്യമില്ലാത്തതും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;**

(ബി) **ഇത്തരം ഹോസ്റ്റലുകളില്‍ കായികതാരങ്ങള്‍ പലവിധത്തില്‍ ചൂഷണം ചെയ്യപ്പെടുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ;**

(സി) **എങ്കില്‍ ഇത് തടയാനും കായികതാരങ്ങള്‍ക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങള്‍ ഒരുക്കുന്നതിനും എന്തു നടപടിയാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജിന് കളിസ്ഥലം**

**2105** **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കിടങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജിന്റെ കളിസ്ഥല നിർമ്മാണവുമായി ബന്ധപ്പെട്ട് 3.9.2011 തീയതി വകുപ്പ് മന്ത്രിയ്ക്ക് നൽകിയ നിവേദനം നടപടിക്കായി വകുപ്പ് ഡയറക്ടർക്ക് അയച്ചതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിവേദനവുമായി ബന്ധപ്പെട്ട ഡയറക്ടറേറ്റിലെ ഫയൽ നമ്പർ നൽകാമോ; ഇതിനായി പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>കായിക താരങ്ങൾക്ക് ജോലി</u>

2106 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എത്ര കായികതാരങ്ങൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജോലി നൽകിയിട്ടുള്ളത്; വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആനുകൂല്യത്തിനായി കളരിപ്പയറ്റുപോലെയുള്ള കേരളത്തിന്റെ തനത് മത്സര ഇനങ്ങളിൽ വിജയികൾ ആകുന്നവരെക്കൂടി പരിഗണിക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള ചലച്ചിത്ര അക്കാദമി എന്നിവയുടെ പ്രവർത്തനങ്ങൾ**

**2107**

**ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സിനിമയുടെ പ്രോത്സാഹനാർത്ഥം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ഡി) കേരള ചലച്ചിത്ര അക്കാദമി നാളിതുവരെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

**കേരള നിയമസഭ**

**19.06.2012 -ലെ മറുപടിക്ക്**

<u>ചലച്ചിത്ര അക്കാഡമി, ചലച്ചിത്ര വികസന കോര്‍പ്പറേഷന്‍ എന്നിവയുടെ പ്രവര്‍ത്തന കാര്യക്ഷമത</u>

2108 ശ്രീ. വി. ഡി. സതീശന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, ഹൈബി ഈഡന്‍
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ചലച്ചിത്ര അക്കാഡമി, ചലച്ചിത്ര വികസന കോര്‍പ്പറേഷന്‍ എന്നിവയുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കര്‍മ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഇവയുടെ പ്രവര്‍ത്തനങ്ങള്‍ സുതാര്യമാക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ ;

(സി) ഇവയുടെ പ്രവര്‍ത്തനം സംബന്ധിച്ച് ധവളപത്രം ഇറക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>കലാമൂല്യമുള്ള നല്ല സിനിമകൾക്കു പ്രോത്സാഹനം</u>

2109 ശ്രീ. പി.തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കലാമൂല്യമുള്ള നല്ല സിനിമകൾ പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികൾക്കിടയിൽ നല്ല സിനിമകൾ പ്രചരിപ്പിക്കുന്നതിനും അവയുടെ ആസ്വാദനം, ചിത്രനിർമ്മാണത്തിന്റെ വിവിധ വശങ്ങൾ എന്നിവ അവരെ പരിചയപ്പെടുത്തുന്നതിനും സ്കൂൾ തലത്തിൽ പരിശീലനം നൽകുമോ;

(സി) സിനിമയുടെ ചരിത്രം, നല്ല സിനിമകളുടെ നിർമ്മാണം, സാങ്കേതിക വിദ്യ എന്നീ വിഷയങ്ങൾ സംബന്ധിച്ച പുസ്തകങ്ങൾ സ്കൂൾ ലൈബ്രറികളിൽ ലഭ്യമാക്കുവാൻ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>പ്രാദേശിക ഫിലിം ഫെസ്റ്റിവലുകൾ</u>

2110 **ശ്രീമതി. കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള ചലച്ചിത്ര അക്കാദമിയിൽ വിഖ്യാതമായ സിനിമകളുടെ പ്രിന്റുകൾ ലഭ്യമാണോ;

(ബി) നല്ല സിനിമകൾ ജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രാദേശിക തലത്തിൽ ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത്തരം ഫിലിം ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുവാൻ തയ്യാറാകുന്ന പ്രാദേശിക തലത്തിലുള്ള സമിതികൾക്ക് സിനിമകളുടെ പ്രിന്റും സാമ്പത്തിക സഹായവും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>കായംകുളത്ത് മള്‍ട്ടിപ്ലക്സ് തീയറ്ററുകള്‍</u>**

**2111**

**ശ്രീ. സി. കെ. സദാശിവന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **കായംകുളം നഗരസഭയില്‍ ഒരു സിനിമ തിയറ്റര്‍ പോലും ഇല്ലെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;**

(ബി) **എങ്കില്‍ കായംകുളത്ത് മള്‍ട്ടിപ്ലക്സ് തീയറ്ററുകള്‍ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ ?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>സിനിമാ തിയേറ്ററുകളിലെ ഭക്ഷണശാലകളിലെ അമിത വില</u>**

2112 **ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിക്ക സിനിമാ തീയേറ്ററുകളിൽ പ്രവർത്തിക്കുന്ന ഭക്ഷണശാലകളിലും ഭക്ഷണ പദാർത്ഥങ്ങൾക്ക് ഇരട്ടിയിലധികം വില ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് അന്വേഷിച്ച് നടപടിയെടുക്കുമോ;

(ബി) ഇത്തരം ഭക്ഷണശാലകളിൽ നിന്നും പായ്ക്ക്ഡ് ഭക്ഷണങ്ങളും പാനീയങ്ങളും എം.ആർ.പി. നിരക്കിൽ ലഭിക്കുന്നതിനുവേണ്ട കർശന നടപടി സ്വീകരിക്കുമോ?